**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 839** | **17-09-2025 - ൽ മറുപടിയ്ക്ക്**

**കദളീവനം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | ഗുരുവായൂർ ദേവസ്വത്തിന് ദിവസേന ആവശ്യമായ കദളിപ്പഴം എത്തിച്ചു നൽകുന്നതിനായി പുതുക്കാട് മണ്ഡലത്തിൽ ആവിഷ്കരിച്ചു നടപ്പാക്കിയ കദളീവനം പദ്ധതി കോവിഡിനെ തുടർന്ന് നിർത്തിവച്ചത് പിന്നീട് പുനഃരാരംഭിയ്ക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | കുടുംബശ്രീ മറ്റത്തൂർ ലേബർ സൊസൈറ്റിയുടെ സഹകരണത്തോടെ നടപ്പാക്കിയ കദളീവനം പദ്ധതി, പൊലിമ -പുതുക്കാട് കാർഷിക പദ്ധതിയുടെ ഭാഗമായി കൂടുതൽ കുടുംബശ്രീ അയൽക്കൂട്ടങ്ങളെ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനായി ഗുരുവായൂർ ദേവസ്വം ബോർഡിന്റെ ഭാഗത്തുനിന്നും അനുകൂലമായ പ്രവർത്തനങ്ങൾ ഉണ്ടാകുന്നതിന് സഹായകരമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | ഗുരുവായൂർ ക്ഷേത്രത്തിലേക്ക് 2025-2026 കൂടിയ ഒരു വർഷത്തേയ്ക്ക് കദളിപ്പഴം സപ്ലൈ നടത്തുന്നതിന് 01.04.2025 ഇ-ടെണ്ടർ ക്ഷണിച്ചതിൽ ഒരു കുടുംബ ശ്രീ സംരംഭം എന്ന നിലയിൽ ഭരണ സമിതി തീരുമാനപ്രകാരം വിലപേശൽ നടത്തി ആയത് പ്രകാരം സമർപ്പിച്ച നിരക്കുകൾ ഭരണസമിതി അംഗീകരിക്കുകയും 16.06.2025 മുതൽ ഒരു വർഷത്തേയ്ക്ക് കദളിപ്പഴം മറ്റത്തൂർ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലഭ്യമാക്കുന്നുണ്ട്.<br>പുതുക്കാട് മണ്ഡലത്തിലെ കദളിവനം പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിന് ബഹു. പുതുക്കാട് എം.എൽ.എ ശ്രീ കെ കെ രാമചന്ദ്രൻ, ബഹു. ദേവസ്വം വകുപ്പ് മന്ത്രിക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഗുരുവായൂർ ദേവസ്വം ഭരണസമിതി ബന്ധപ്പെട്ട കുടുംബ ശ്രീ നടത്തിപ്പുകാരുമായി ദേവസ്വം ചെയർമാൻ, അഡ്മിനിസ്ട്രേറ്റർ എന്നിവർ ചർച്ച ചെയ്യുകയും ഇക്കാര്യത്തിൽ ഗുരുവായൂർ ദേവസ്വം ചെയർമാൻ/ അഡ്മിനിസ്ട്രേറ്റർ എന്നിവരെ ബന്ധപ്പെടുവാൻ കുടുംബശ്രീ തൃശ്ശൂർ ജില്ലാ കോ ഓർഡിനേറ്റർക്ക് 30.12.2024 ൽ കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ഗുരുവായൂർ ദേവസ്വം ചെയർമാൻ, അഡ്മിനിസ്ട്രേറ്റർ എന്നിവർ പുതുക്കാട് എം.എൽ.എ ശ്രീ കെ കെ രാമചന്ദ്രൻ മുഖാന്തിരം കുടുംബശ്രീ തൃശ്ശൂർ ജില്ലാ കോ-ഓർഡിനേറ്ററുമായി നടത്തിയ ചർച്ചയിൽ ഗുരുവായൂർ ക്ഷേത്രത്തിലേയ്ക്ക് കദളിപ്പഴം സപ്ലൈ ചെയ്യുന്നതിന് ഉത്തരവ് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ